No.08 – 2019 Date: 10/08/2020

# കേരള സർക്കാർ
# ജലവിഭവ വകുപ്പ്
# പുനർദർഘാസ് പരസ്യം

കേരള ഗവർണ്ണർക്കുവേണ്ടി എറണാകുളം ചെറുകിട ജലസേചന വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തിക്ക് പൊതുമരാമത്ത്, ജലസേചന വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽനിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ പ്രവർത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്രവെച്ച കവറുകളിൽ 24.08.2020 വൈകിട്ട് 3.00 മണിവരെ രജിസ്റ്റർ ചെയ്ത തപാലിൽ ക്ഷണിച്ചുകൊള്ളുന്നു. കൊറിയർ സർവ്വീസിലൂടെയും നേരിട്ടും സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദിയല്ല. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം അവധിയായാൽ അതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം വൈകുന്നേരം 3.00 മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന തീയതി മുതൽ 2 മാസം വരെ ആയിരിക്കും.

| | | |
|---|---|---|
| ദർഘാസ് പ്രമാണം വിതരണം ചെയ്യുന്ന തീയതി | – | 17.08.2020 10.30 am മുതൽ 18.08.2020 3.00 pm വരെ |
| ദർഘാസ് പ്രമാണം സ്വീകരിക്കുന്ന അവസാന തീയതി | – | 24.08.2020 3.00 pm വരെ |
| ദർഘാസ് പ്രമാണം തുറക്കുന്ന സമയം | – | 24.08.2020 3.30 pm |

ദർഘാസ് പ്രമാണങ്ങളും മറ്റു വിശദ വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതുമാകുന്നു. ദർഘാസുകളോടൊപ്പം 200/- (ഇരുന്നൂറ് രൂപയുടെ) മുദ്ര പത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കണം. നിരതദ്രവ്യം നിർബന്ധമായും സർക്കാർ ട്രഷറിയിൽനിന്നോ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് പോസ്റ്റ് ഓഫീസിൽനിന്നോ ഷെഡ്യൂൾഡ് ബാങ്കിൽനിന്നോ മാത്രം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറത്തക്ക വിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം.

150 YEARS OF CELEBRATING THE MAHATMA

| ക്രമ നം: | ദർഘാസ് നം: | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില രൂപ | കാലാവധി | കരാറുകാരന്റെ യോഗ്യത |
|---|---|---|---|---|---|---|
| 1 | 01/AEE/MI /2020-21 (Re-tender 2) | ഉദയംപേരൂർ പഞ്ചായത്തിലെ നമ്പ്യാർ കുളം, വലിയകുളം, മഹാദേവക്ഷേത്രക്കുളം , ഭഗവതിക്ഷേത്രക്കുളം എന്നിവയുടെ നവീകരണം (തുക: 4,81,000/- ജി.എസ്.റ്റി. ഉൾപ്പെടെ) | 10750/- | 960/- | 6 മാസം | 'ഡി' - ക്ലാസ് അതിനു മുകളിലും |

പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതുമാണ്. 1989 ലെ കേരള നിർമ്മാണ തൊഴിലാളി നിയമത്തിലെ (2) വകുപ്പനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവർത്തിയുടെ മൊത്തം ചെലവിന്റെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് അടക്കുവാൻ ബാദ്ധ്യസ്ഥരാണ്. കേരള പൊതുമരാമത്ത്/ജലസേചന വകുപ്പുകളിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്.

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**(കേരള ഗവർണ്ണർക്കുവേണ്ടി)**

പകർപ്പ്
1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.ഐ.സെൻട്രൽ സർക്കിൾ, എറണാകുളം.
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ. ഡിവിഷൻ, എറണാകുളം.
3) അസിസ്റ്റന്റ് എഞ്ചിനീയർ, എം.ഐ.സെക്ഷൻ, തൃപ്പൂണിത്തുറ.